**G H S S K A K K A V A Y A L**

*Presents....*

# "Σουλ οφ Κακκα῎αψαλ"

## [Soul of Kakkavayal]



നമ്മുടെ വിദ്യാലയത്തിന്റെ
ആത്മാവും ജീവനുമായ കുട്ടികളുടെ നേട്ടങ്ങളും
മികവുകളും കലാപരമായ കഴിവുകളും
പ്രദർശിപ്പിക്കുന്നതിനു വേണ്ടി ഞങ്ങൾ
ഒരുക്കുന്ന ഒരു മാസികയാണ് :

# Soul of Kakkavayal

എന്ന്,

ചീഫ് എഡിറ്റർ ,
അസ്സിസ്റ്റന്റ് എഡിറ്റർ

# Drawing Up

**Chief Editor : Niya Benny**

**Assistant Editor : Nedha Ahammed**

Members :

1. Minha Fathima .T
2. Shadiya C.T
3. Amna Fathima .U.P
4. Fidha Fathima .K
5. Theertha Praveen
6. Haya Nasrin
7. Afreen Amana .
8. Beon Biju
9. Ansila .N

*Special Thanks : Babitha Teacher*
*Preetha Teacher*

# ആശംസ



കാക്കവയൽ ഗവ:ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ "സോൾ ഓഫ് കാക്കവയൽ" എന്ന മാഗസിൻ വലിയ അധ്വാനത്തിന്റെ ഫലമാണെന്ന് നമുക്ക് വ്യക്തമാണ്.ഓരോ അംഗത്തിന്റെയും സർഗ്ഗാത്മകത പ്രോത്സാഹിക്കപ്പെടുന്ന ഈ പ്രവർത്തനം അഭിമാനാർഹമാണ്.

കുട്ടികളുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന "സോൾ ഓഫ് കാക്കവയൽ" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

എച്ച്.എം
സുനിൽ കുമാർ

# ആശംസ



സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. കാക്കവയൽ ഗവണമെന്റ് സ്കൂളിലെ കുട്ടികളുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന "സോൾ ഓഫ് കാക്കവയൽ" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

പി.റ്റി.എ പ്രസിഡന്റ്

എൻ .റിയാസ്

# ആശംസ



രാജ്യത്തിന് മാതൃകയായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കൂട്ടതൽ മികവിലേക്കുയരുമ്പോൾ,വിദ്യാലയങ്ങളുടെ പരിപാലനം, മികവുകളുടെ സംരക്ഷണം സാങ്കേതിക പരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് വേണ്ട ആവശ്യങ്ങൾക്കായി രൂപംകൊണ്ട പദ്ധതിയായ ലിറ്റിൽ കെറ്റക്സ് ഐ.ടി.ക്ലബ്ബ് തയാറാക്കിയ "സോൾ ഓഫ് കാക്കവയൽ" എന്ന മാഗസിന് എല്ലാവിധ വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.

എന്ന്,

എസ്.എം.സി.ചെയർമാൻ

റോയ് ചാക്കോ

# ആശംസ



പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക്ക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.വൈവിധ്യമാർന്നതും നൂതനവുമായ പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് സംഘടിപ്പിക്കാറുണ്ട്.ഹാർഡ്വെയർ,ഇലക്ട്രോണിക്സ്, ആനിമേഷൻ, സൈബർ സുരക്ഷ, റോബോർട്ടിക്സ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം വൈദഗ്ധ്യം നൽകുന്നതാണ് ലിറ്റിൽ കൈറ്റ്സ്.മികവാർന്നതും കൂടുതൽ സാങ്കേതികവിദ്യയും ഉപകരണങ്ങളും വേണ്ടവിധം പ്രയോജനപ്പെടുത്തുവാനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു അതോടൊപ്പം ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ "സോൾ ഓഫ് കാക്കവയൽ" എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

എം.പി.റ്റി.എ.പ്രസിഡന്റ്

സുസിലി ചന്ദ്രൻ

# ആശംസ



I would like to appreciate Little Kites for having brought out the magazine **"Soul of Kakkavayal"** for the academic year 2024 - 25.

In today's world of networking,blogs,clouds and all manner of hyperconnectivity,it seems as if anyone can be a writer.But **"Soul of Kakkavayal"** is a different venture to nurture the creativity in children.My special accolades and wishes go to this magazine and all those behind this endeavour.

*With greetings ,*
*khadeeja I*
*Senior Assistant*

# നാളിതുവരെ.........

ൃ

കുന്നും മലയും ഇടതൂർന്ന കാടുകളും അത്യപൂർവമായ സസ്യജീവിജാലങ്ങളും പുൽമേടുകളും പാറക്കെട്ടുകളും ഗുഹകളും അരുവികളും തോടുകളും വെള്ളച്ചാട്ടങ്ങളും കൃഷിയിടങ്ങളും നിറഞ്ഞ വയനാട് വിനോദസഞ്ചാരികളുടെ ദൃഷ്ടിയിൽ ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്നു.......

പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ വളർന്ന് ഒരു വലിയ വിദ്യാലയമായി നാൾ വഴികൾ പിന്നിട്ടുകൊണ്ടിരിക്കുന്ന വയനാട്ടിലെ വൈത്തിരി താലൂക്കിലെ , മുട്ടിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജി. എച്ച്. എസ്. എസ്. കാക്കവയലിന്റെ ഉള്ളറകളിലേക്ക് ഒരു തിരിഞ്ഞുനോട്ടം........

എടപ്പെട്ടി എന്ന സ്ഥലത്ത് 2 ക്ലാസ്സുകൾ മാത്രമുള്ള ഒരു ഹരിജൻ വെൽഫെയർ സ്കൂൾ ഉണ്ടായിരുന്നു. അന്ന്, കാക്കവയൽ സ്കൂൾ നിൽക്കുന്ന സ്ഥലം അക്കാളി കൃഷ്ണൻ അധികാരിയുടെ കൈവശത്തിലായിരുന്നു :

എ.വി. രാധാ ഗോപി മേനോൻ എന്നാളുടെ നിർദ്ദേശപ്രകാരം അധികാരി ഈ സ്ഥലത്ത് ഒരു ഓടിട്ട കെട്ടിടം പണിത് എടപ്പെട്ടിയിലെ വെൽഫെയർ സ്കൂൾ ഇങ്ങോട്ട് മാറ്റി, അങ്ങനെ 1943-ൽ 83 വിദ്യാർത്ഥികളുമായി കാക്കവയൽ ഹരിജൻ വെൽഫയർ സ്കൂൾ സ്ഥാപിച്ചു. കെട്ടിടത്തിന്റെ വാടകയും ശമ്പളവും ഗവൺമെന്റ് കൊടുത്തുവന്നു.

1957-ൽ EMS മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായ ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ നയത്തിൽ ആണ് കാക്കവയൽ ഗവൺമെന്റ് സ്കൂളായി മാറിയത്.ത്രിതല പഞ്ചായത്തുകളുടെ ശ്രദ്ധയും അധ്യാപക രക്ഷാകർതൃ സമിതിയുടെ മികച്ച പ്രവർത്തനങ്ങളും വിദ്യാലത്തിന്റെ ഭൗതീക സാഹചര്യങ്ങൾ വളരെ ഉന്നതയിൽ എത്തിച്ചിരിക്കുന്നു.

നമ്മുടെ സ്കൂളിന് വേണ്ടി പ്രവർത്തിച്ച എല്ലാ നല്ലവരായ മുൻകാല അധ്യാപകരേയും പി.ടി.എ ഭാരവാഹികളേയും രാഷ്ട്രീയ-സാമൂഹ്യ,സന്നദ്ധ സംഘടന പ്രവർത്തകരേയും നാട്ടുകാരേയും വിദ്യാലത്തിന് അഭിമാനമായി മാറിയ പ്രതിഭകളെയും ഞങ്ങൾ സ്മരിക്കുന്നു....നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.......

# മികവുകളിലൂടെ ഒരു യാത്ര......

- ഇപ്പോൾ വയനാട്ടിലെ ഏറ്റവും ഉന്നത നിലയിൽ തന്നെ തല ഉയർത്തി നിൽക്കുന്ന ഒരു വിദ്യാലയമാണ് ജി.എച്ച്.എസ്.എസ് കാക്കവയൽ. പ്രകൃതിയോട് വളരെ അടുത്ത് നിൽക്കുന്ന പൂച്ചെടികളാലും,പച്ചക്കറി തൈകളാലും നിറഞ്ഞു നിൽക്കുന്ന വിദ്യാലയം ''പ്ലാസ്റ്റിക് ഫ്രീയുമാണ് ".
- അധ്യാപക-വിദ്യാർത്ഥി സൗഹൃദത്തിന് ഏറെ പ്രാധാന്യം നൽകുന്നതും മികച്ച അധ്യാപകരുമുള്ളതുകൊണ്ടുതന്നെ 4 വർഷം തുടർച്ചയായി എസ്.എസ്.എൽ. സി പരീക്ഷയിൽ 100% വിജയം കൈവരിച്ചു കൊണ്ടുരിക്കുന്നു.
- 170000-ത്തിൽ പരം പുസ്തകങ്ങൾ നിറഞ്ഞുനിൽക്കുന്ന ലൈബ്രറിയും , വിദ്യാർത്ഥികളുടെ സാങ്കേതിക അറിവുകൾ പരീക്ഷിക്കാൻ "Tinkering lab"ഉം അത് നിയന്ത്രിക്കാൻ ഓരോ അധ്യാപകരും പ്രവർത്തിച്ചുകൊണ്ടിരിക്കിന്നു.
- പഠന നിലവാരം കുറഞ്ഞ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേകം ക്ലാസ്സുകൾ ,ഓരോ മാസത്തിലും യൂണിറ്റ് ടെസ്റ്റുകൾ.
- കലാ-കായിക ശാസ്ത്രമേളകളിൽ സംസ്ഥാന തലത്തിലും ജില്ലാത്തലത്തിലും വിദ്യാർത്ഥികൾ മികച്ച പ്രകടനംകാഴ്ചവെക്കുന്നു.
- മികവുറ്റ ശാസ്ത്ര , കമ്പ്യൂട്ടർ ലാബുകൾ എച്ച്.എസ്.എസ്, എച്ച്.എസ്, യു.പി.,എൽ.പി.വിഭാഗങ്ങൾക്ക് പ്രത്യേകം കമ്പ്യൂട്ടർ ലാബ്, ഹൈടെക്ക് ക്ലാസ്സ് മുറികൾ.ജല പരിശോധന യൂണിറ്റ്, കെമിസ്ട്രി ലാബ്,ഇന്ററാക്ടീവ് പാനലോടുകൂടിയ ക്ലാസ്സ് റൂം.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ \ മോട്ടിവേഷൻ ക്ലാസ്സുകൾ.
- അധ്യാപരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മെന്ററിംഗ് ഗ്രൂപ്പുകൾ.
- പ്രഭാത,പ്രദോഷ പഠന ക്ലാസ്സുകൾ..
- പരിപൂർണ്ണ അച്ചടക്കവും മികച്ച പഠനാന്തരീക്ഷവും.
- പ്രാഥമിക ചികിത്സാസൗകര്യവും തനതായ പ്രവർത്തനമികവും
- മികച്ച കലാ കായിക,ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ സ്പോർട്സ് അക്കാദമി
- NCC,NSS, JRC, SCOUT AND GUIDES ,LITTLE KITES,BULL BULL

# താളുകളിലൂടെ


| | |
|---|---|
| തമസോമ ജ്യോതിർഗമയ | 11 |
| ഞങ്ങളിലൂടെ | 14 |
| ഭൂമിയുടെ അവകാശികൾ | 16 |
| മാന്ത്രിക മരുന്ന് | 17 |
| പ്രചോദനങ്ങൾ | 18 |
| കുമാരനാശാൻ | 19 |
| കുഞ്ഞുണ്ണി മാഷ | 21 |
| കമലാ സുരയ്യാ | 23 |
| ആട് ജീവിതം | 25 |
| ഒറ്റപ്പെടൽ | 26 |
| നാളെ | 28 |
| കാത്തിരിപ്പ് | 29 |
| അന്ന് | 30 |
| മടിയൻ കഴുത | 31 |
| തണൽ തേടുന്നവർ | 34 |
| ഒരു കുഞ്ഞിന്റെ സ്വപ്നം | 36 |
| കുഞ്ഞിക്കിളിയുടെ സന്തോഷം | 38 |
| നാളെ എന്ന നിഗൂഢ | 39 |
| സുഗത കുമാരി | 40 |
| തകഴി | 42 |
| വിദ്യാലയം | 44 |
| ലിറ്റിൽ കൈറ്റ്സ് | 45 |

# TAMSO MA JYOTIRGAMAYA

It is a Sanskrit verse taken from the "Pavana Mantra" from the great Brihadaranyaka Upanishad.Pavana Mantra, also known as Pavamana Abhyaroha is a mantra that originated in ancient India.The mantra Tamso Ma Jyotirgamaya got its existence as a mantra or a prayer that was recited as the introductory praise of the Soma Sacrifice (rituals performed in front of the sacred fire while chanting mantras).

The patron who used to sponsor the sacrifice used to chant this mantra while performing and initiating the Soma Sacrifice.The mantra is of great value and holds highly sacred and wise meanings inside it.

This Sanskrit verse has served as a guiding principle for a lot of people from ancient India and for the people who follow Hinduism's teachings in their lives.

This phrase is a part of full Sanskrit prayer that gives a sense of subtle acknowledgment towards real life.In Sanskrit, "tamas" means "darkness" and "jyotir" means "light", which makes the literal meaning of this phrase as,"From darkness, lead me to light."The symbolic and deep meanings of this phrase are about the state of self-awareness and enlightenment.

Being aware of our inner self and the omnipresent,

omniscient, and omnipotent power reflects the true meaning of this phrase.It is a mantra that brings serenity to souls. It gives your heart, mind, and bodies the strength to deal with struggles.

This phrase has two parts. One being "from darkness" illustrates how in the times of "Kaliyug" we are surrounded by many evils, harms, and sins ,How this world is full of gloominess and ignorance, How every other day we face various sorts of negative energies around us and how we are stuck in a constant state of reversal.

The other part "lead me to light" elucidates the endeavor for betterment and calmness. It gives you the power to make your way out of all the darkness. It belongs to Bhadrayakopaniat (a philosophical Sanskrit textbook )It motivates you to keep going even in times of desperation, depression, and exigency.It aids you towards a life of self-embodiment, self-love, modesty, and serenity.

This mantra is a wholesome concept that benefits many stages of life.It is a complete and perfect ideology that guides people towards self-betterment and self-judgment. It motivates them toward the progress and well-being of minds and souls.

This phrase comes from the Sanskrit language. The pronunciation of this mantra goes as "tah-mah-so mah jyo-teer-gah-mah-yah".This Sanskrit phrase has some strong meanings attached to it. It speaks for the calmness of minds and souls.It obscures all sorts of darkness and flashes the ray of light and hope.

"Tamso Ma Jyotirgamaya" Sloka is a part of a whole Sanskrit sloka. This sloka is the epitome of peace of mind and soul. This brings your mind and heart closer towards calmness, peacefulness, morality, and humbleness. Tamso Ma Jyotirgamaya is a phrase originally a part of a Sanskrit Shanti Mantra.It is taken from the Brihadaranyaka Upanishads.

The Brihadaranyaka Upanishads are the earliest .This Upanishad is the basic structure for most of the schools. It is basically an exposition to Atman (a Sanskrit word for inner self spirit or soul).

# ഞങ്ങളിലൂടെ

## സംസ്ഥാനത്തിൽ........



ഐറിൻ കെ റിച്ചാർഡ്
മലയാളം ടൈപ്പിങ്ങ് ഏ ഗ്രേഡ്



ആർദ്ര പി .എ
കഥകളി സംഗീതം ഏ ഗ്രഡ്



# Prasthara (Vision 2K30)

2030 -ൽ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റിയുള്ള ഒരു രൂപരേഖയാണ് പ്രസ്താര വിഷൻ 2K30.ഇത് തയ്യാറാക്കുന്നതിനായി പ്രധാനാധ്യാപകൻ സുനിൽ കുമാർ സാറിന്റെ നേതൃത്വത്തിൽ അധ്യാപകരും പി.റ്റി.എ,എസ്.എം.സി അംഗങ്ങളും ഗവ:ഹൈസ്കൂൾ നെല്ലാർച്ചാലിൽ വെച്ച് ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു.

( വീഡിയോ കാണാൻ
Q R സ്കാൻ ചെയ്യുക )

## Annual Day :ഓർമ്മകൾ പെയ്തിറങ്ങുമ്പോൾ

പ്രസ്താര 2k30 ന്റെ ഭാഗമായി വിദ്യാലയത്തിൽ നാളിതുവരെ സേവനമനുഷ്ഠിച്ചതും വിരമിച്ചതുമായ പൂർവ്വാധ്യാപകരുടെ ഒരു സംഗമമായിരുന്നു "ഓർമ്മകൾ പെയ്തിറങ്ങുമ്പോൾ "എന്ന പരിപാടിയിലൂടെ വിഭാവനം ചെയ്തത്. 2024 ജനുവരി 6ന് പ്രൗഢഗംഭീരമായ സദസ്സിൽ വെച്ച് പൂർവ്വാധ്യാപകരെ ആദരിക്കുകയുണ്ടായി.

കലാ- സാംസ്കാരിക രംഗത്തെ പ്രമുഖരും വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.അതിന് ശേഷം വിദ്യാലയത്തിലെ വിദ്യാർത്ഥികളും അധ്യാപകരും അവതരിപ്പിച്ച വിവിധ കലാ പരിപാടികൾ അരങ്ങേറുകയുണ്ടായി.വിദ്യാലയത്തിന്റെ ചരിത്രത്തിലാദ്യമായി LED Wall ഉപയോഗിച്ചുള്ള ദൃശ്യ വിസ്മയങ്ങളും

തികച്ചും വ്യത്യസ്ഥമായ U V ഡാൻസും നടന്നു.

( വീഡിയോ കാണാൻ

Q R സ്കാൻ ചെയ്യുക )

# Anti–Drug day Celebration

ഇന്ന് നമ്മുടെ സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരി എന്ന മഹാവിഭത്തിനെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനായി -------- ലഹരി വിരുദ്ധ ദിനം ഞങ്ങൾ വിപുലമായി ആഘോഷിച്ചു. കുട്ടികൾ ലഹരിയുടെ മാർഗത്തിലേക്ക് തിരിയുന്നതിന്നതിനേക്കുറിച്ചും ലഹരി മൂലമുണ്ടാകുന്ന വിഭത്തുകളെക്കുറിച്ചും കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകുകയും ,ലഹരിക്കെതിരെ ഫ്ലാഷ് മോബും ,റാലിയും സംഘടിപ്പിക്കുകയും ചെയ്തു.

( വീഡിയോ കാണാൻ

Q R സ്കാൻ ചെയ്യുക )

Little



KITES



J R C



SCOUTS



GUIDES



NCC CADETS

# ഭൂമിയുടെ അവകാശികൾ

മലയാള സാഹിത്യത്തിലെ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ മനോഹരമായ രചനയാണ് "ഭൂമിയുടെ അവകാശികൾ". മനുഷ്യരെപ്പോലെ തന്നെ മറ്റു ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്നാണ് ബഷീർ ഈ കഥയിലൂടെ വായനക്കാരിലേക്ക് എത്തിക്കുന്നത്. എല്ലാവർക്കും വായിക്കാൻ കഴിയുന്ന വളരെ ലളിതമായ ഭാഷയിലാണ് ബഷീർ രചിച്ചത്.

താൻ വിലകൊടുത്തു വാങ്ങിയ,തനിക്കു മാത്രം അവകാശമുള്ള പുരയിടത്തിൽ അനുവാദം ചോദിക്കാതെ കടന്നു വന്ന പക്ഷികൾ,ചിത്രശലഭങ്ങൾ,പാമ്പ്,പഴുതാര,എലി,ഉറുമ്പ് തുടങ്ങിയ ജീവികളെ കൊല്ലുകയോ,അവരെ ഉപദ്രവിക്കുകയോ ചെയ്യാത്ത ഗൃഹനാഥനെയും അവയെ ഒടിക്കാൻ നോക്കുന്ന അയാളുടെ ഭാര്യ നടത്തുന്ന ശ്രമങ്ങളും നമ്മുക്ക് ഈ കഥയിൽ കാണാൻ കഴിയും. എല്ലാ ജീവജാലങ്ങളും ഈശ്വര സൃഷ്ടികളാണെന്ന് ബഷീർ പറയുന്നു.

മറ്റു ജീവികളുടെ ആവാസമേഖലകളിലേക്കുള്ള മനുഷ്യൻെറ കടന്നു കയറ്റം നിരവധി ജീവജാലങ്ങളുടെ വംശനാശത്തിന് കാരണമായി കൊണ്ടിരിക്കുന്ന ഈ കാലത്ത് "മറ്റൊന്നിനേയും നശിപ്പിക്കാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ലേ?"എന്ന അദ്ദേഹത്തിൻെറ ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്. വളരെ മനോഹരമായ നോവലാണ് ഭൂമിയുടെ അവകാശികൾ.

# മാന്ത്രിക മരുന്ന്

ഒരു കമ്പനിക്കാർ അവരുടെ പല മരുന്നുകൾ ഉപയോഗിച്ച് ഒരു ക്രീം നിർമ്മിച്ചു. ആ ക്രീം എല്ലാവർക്കും ഉപയോഗപ്രദമായിരുന്നു. എല്ലാവരും ആ ക്രീം വാങ്ങാൻ തുടങ്ങി. ആ ക്രീം മരിച്ച ഒരു മുത്തശ്ശിയുടെ വായിൽ ഒഴിച്ച് കൊടുത്തു അപ്പോൾ ആ മുത്തശ്ശിക്ക് ജീവൻ വെച്ചു ആ മുത്തശ്ശി എഴുന്നേറ്റു.പൊള്ളൽ ഏറ്റ ഒരു പെൺകുട്ടിയുടെ മുഖത്ത് ഈ ക്രീം ഇട്ടപ്പോൾ ആ മുഖം ശരിയായി.ഒരു പെൺകുട്ടിക്കാണെങ്കിൽ ഒരു കൈ ഇല്ലായിരുന്നു ആ ക്രീം തേച്ചതോടെ അവളുടെ കൈ വളർന്നു വന്നു.ഈ മരുന്നിന് എന്തും ശരിയാക്കാൻ സാധിക്കുമായിരുന്നു.വിരൂപമായവരുടെ മുഖം സുന്ദരം ആവുകയും പ്രായമുള്ളവർ യുവാക്കൾ ആവുകയും ചെയ്തു.ആ ക്രീം മനുഷ്യരിൽ മാത്രമല്ല എല്ലാ വസ്തുക്കളിലും പ്രവർത്തിക്കുമായിരുന്നു.ആളുകൾ അവരുടെ മനസ്സിനെ മൂർച്ച കൂട്ടാൻ തുടങ്ങി. മാനസികരോഗം മാറ്റാൻ ഈ ക്രീം സഹായിച്ചു. ക്രീം ഉണ്ടാക്കുന്ന വസ്തുക്കൾ ആറ് മാസം കൊണ്ട് ഇല്ലാതയായി.ക്രീമുകൾ തന്നെ ഇരട്ടി ആകാൻ തുടങ്ങി.ക്രീമിന് ഇപ്പോൾ ധാരാളം ആവശ്യക്കാർ ഉണ്ട്.ആളുകൾ ആ ക്രീം ഉപയോഗിച്ച് മരുഭൂമിയിൽ മരങ്ങൾ നട്ട് വളർത്താൻ തുടങ്ങി.ക്രീം ലോകത്തെ വിശപ്പകറ്റാൻ തുടങ്ങി ഇതോടു കൂടി പണത്തിന്റെ മൂല്യം കുറയാൻ തുടങ്ങി.അപ്പോൾ പണക്കാർ ക്രീം നിരോധിക്കാൻ പറയുന്നു.

# പ്രചോദനങ്ങൾ

അമ്മയോടൊത്ത് കഴിഞ്ഞകാലങ്ങൾ സമൃതിപഥത്തിൽ നിന്ന് മാഞ്ഞ് പോകുന്നില്ല. എന്നെ ഒരു സാഹിത്യകാരനായി കാണാൻ അമ്മ ഏറെ കൊതിച്ചു.പ്രാർത്ഥിച്ചു.ഞാൻ എഴുതുന്നതൊക്കെ അടിച്ചുവരാൻ അമ്മ വഴിപാടുകൾ നേർന്നു.എഴുതിയ സൃഷ്ടികൾ പലതും പത്രമാപ്പീസിൽ നിന്ന് തിരിച്ചു വരുമ്പോൾ നിരാശപ്പെടാറുണ്ട്. ആരോടെന്നില്ലാതെ ആത്മരോഷം അത്തരം സന്ദർഭങ്ങളിൽ എന്നെ വന്നു പൊതിയാറുണ്ട്.എണ്ണപ്പെട്ട ആഴ്ചപ്പതിപ്പുകളിലും, മാസികകളിലും വാർഷിക വിശേഷാൽ പതിപ്പുകളിലുമൊക്കെ അച്ചടിച്ചു കാണാൻ മോഹിച്ചിട്ടുണ്ട്. ഇതൊക്കെ സാധിച്ചെടുക്കുന്ന മുതിർന്ന സാഹിത്യകാരന്മാരുടെ കഴിവിനെ ഓർത്ത് അസൂയപ്പെട്ടിട്ടുണ്ട്.തന്നെ അവഗണിക്കുന്നവരോടൊക്കെ എന്തന്നില്ലാതെ അമർഷം ഇത്തരം പ്രതിസന്ധികളിലക്കെ അശ്വസിപ്പിച്ച് ഇരുന്നത് അമ്മയാണ് അമ്മ മാത്രം മറ്റാരും എന്റെ വേദനകളെ പറ്റിയോ ദുഃഖങ്ങളെ പ്പറ്റിയോ അറിഞ്ഞിരുന്നില്ല എത്രയെത്ര മുറിവുകളാണ്സംസാരിക്കുന്ന ഞാനൊരു കലിത്തുള്ളിയ വെളിച്ചപ്പാടായി മാറും.പല 'കൽപ്പന'കളും നടത്തും,അതേ; കൽപ്പനകളോ? എഴുതിയിട്ട് പത്തുരൂപ ആരെങ്കിലും അയച്ചു തന്നാൽ ആ ദിവസം എന്നെ വല്ലാതെ സന്തോഷിപ്പിച്ചിരുന്നു. അന്നത്തെ പത്ത് രൂപ ഒരു നിസ്സാര തുകയല്ല.

- (കടപ്പാട് :ഉണ്ണികൃഷ്ണൻ പൂതൂർ)

# കുമാരനാശാൻ

തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ നാരായണൻ കാളിയമ്മ ദമ്പതികളുടെ മകനായി 1873 ഏപ്രിൽ12ന് ജനനം."കുമാരു" എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പേര്.പതിനാലാം വയസ്സിൽ സംസ്കൃത വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അധ്യാപക വൃത്തിയിൽ പ്രവേശിച്ചതോടെയാണ് കുമാരനാശാൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

1891 -ൽ ശ്രീ നാരായണ ഗുരുവിനെ പരിചയപ്പെട്ടതോടെ ആശാന്റെ ജീവിത ലക്ഷ്യം തന്നെ മാറിമറയുകയുണ്ടായി.ഗുരു ആശാനെ ഉപരിപഠനത്തിനായി
ബാംഗ്ലൂരിലേക്ക് അയച്ചു.

ഇംഗ്ലീഷിൽ അഗാധ പരിജ്ഞാനം നേടിയ അദ്ദേഹത്തിന്റെ കാവ്യജീവിതത്തിൽ പാശ്ചാത്യ കവിതകൾ ഏറെ സ്വാധീനിച്ചു."ആധുനിക കവിത്രയത്തിലുള്ള" കുമാരനാശാൻ "സ്നേഹഗായകൻ" എന്ന പേരിലും അറിയപ്പെട്ടു.മഹാകാവ്യം എഴുതാതെ മഹാകവിയായ വ്യക്തിയാണ് ആശാൻ.

മലയാള കവിതയിലും കേരളീയ സമൂഹത്തിലും നവോത്ഥാനം കൊണ്ടുവരാൻ പ്രയത്നിച്ച ആശാൻ എസ്.എൻ.ഡി.പി.യോഗം സെക്രട്ടറി വിവേകോദയം പത്രത്തിന്റെ പത്രാധിപർ,നിയമസഭാംഗം എന്നീ നിലകളിലും സജീവമായി പ്രവർത്തിച്ചു.

1922 -ൽ വെയിൽസിലെ രാജകുമാരൻ,കേരളത്തിലെ മഹാകവി എന്ന നിലയിൽ അദ്ദേഹത്തെ പട്ടും വളയും നൽകി ആദരിച്ചു :
വീണപൂവ്,നളിനി,ലീല,ചിന്താവിഷ്ടയായ സീത,ചണ്ഡാളഭിക്ഷുകി,ദുരവസ്ഥ,കരുണ,ശ്രീ ബുദ്ധ ചരിതം തുടങ്ങിയവയാണ് പ്രധാന കൃതികൾ.
1924 ജനുവരി 16 ന പല്ലനയാറ്റിൽ വെച്ചുണ്ടായ റെഡിമർ ബോട്ടപകടത്തിൽ പെട്ടായിരുന്നു കുമാരനാശാൻെ്റ വിയോഗം.

- അഭിരഷ്മി വി.എം
(VIII A)

# കുഞ്ഞുണ്ണി മാഷ്

മലയാളത്തിലെ "ആധുനിക കവികളിൽ" ഒരാളായ കുഞ്ഞുണ്ണി മാഷ് 1927 മെയ് 10 ന തൃശ്ശൂർ ജില്ലയിലെ വലപ്പാടിൽ ജനിച്ചു.ലളിതമായ ഭാഷയും നർമ്മം കലർന്ന പ്രയോഗവുമായിരുന്നു കുഞ്ഞുണ്ണി മാഷിന്റെ ഭാഷാ ശൈലി.

കുട്ടിത്തം തുളുമ്പുന്ന വാക്കുകളിലൂടെ കുഞ്ഞു മനസ്സുകളിൽ നിറസാന്നിധ്യമായ അപൂർവ്വം ചില കവികളിലൊരാൾ എന്നിങ്ങനെ മാഷിന് വിശേഷണങ്ങളേറെയുണ്ട്.കുഞ്ചൻ നമ്പ്യാരുടെ ഭാഷാ ശാസ്ത്രമാണ് അദ്ദേഹത്തെ ഏറെ സ്വാധിനിച്ചത്.കുട്ടിക്കാലത്ത് വായിച്ചതിലേറെയും തുള്ളൽ കൃതികളായിരുന്നു.മലയാള കവിതയിൽ വ്യതരിക്തമായ ശൈലി അവതരിപ്പിച്ച കവിയാണ് കുഞ്ഞുണ്ണി മാഷ്.

ഈരടികൾ മുതൽ നാലു വരികൾ വരെ ഉള്ളതാണ് കുഞ്ഞുണ്ണി കവിതകൾ ഏറെയും.മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ "കുട്ടേട്ടൻ" എന്ന പേരിൽ മാഷ് എഴുതിയിരുന്നു."മലർവാടി" മാസികയിലും അദ്ദേഹം എഴുതിയിരുന്നു.എഴുതിത്തുടങ്ങുന്നവർക്ക് വഴി കാട്ടിയായി മാഷ് നൽകിയ നിർദ്ദേശങ്ങൾ കണക്കാക്കിയിരിന്നു.മലയാളത്തിലെ പല എഴുത്തുകാരെയും കൈപിടിച്ച് വളർത്തിക്കൊണ്ടുവന്നത് കുഞ്ഞുണ്ണി മാഷാണ്.

ബാല സാഹിത്യം മാഷിന്റേ്റ പ്രിയപ്പെട്ട പ്രവർത്തന രംഗമായിരുന്നു.വലപ്പാടുള്ള അതിയാരത്ത്

വീട്ടിൽ കുട്ടികൾ മാഷിനെത്തേടിയെത്തുക പതിവായിരുന്നു.തന്റെ വാർദ്ധക്യകാലത്ത് കുട്ടികളുമായി സല്ലപിക്കുന്ന ഒരു അപ്പൂപ്പനായി അദ്ദേഹം കഴിഞ്ഞു. 1974 -ൽ കേരള സാഹിത്യ അക്കാദമി അവാർഡ്,1982 -ൽ സംസ്ഥാന ബാല സാഹിത്യ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്."എന്നിലൂടെ" എന്നാണ് മാഷിന്റെ ആത്മകഥയുടെ പേര്.

കുഞ്ഞുണ്ണി കവിതകൾ,നമ്പൂതിരി ഫലിതങ്ങൾ,അക്ഷരത്തെറ്റ്,ഊണ് തൊട്ട് ഉറക്കം വരെ,കുട്ടികളുടെ രാമായണം എന്നിവ മാഷിന്റെ പ്രധാന കൃതികളാണ്."പൊക്കമില്ലായ്മയാണ് തൻേറ പൊക്കം" എന്നാണ് തന്റെ പൊക്കമില്ലായ്മയെക്കുറിച്ച് മാഷ് പറയുന്നത്.

കമൽ സംവിധാനം ചെയ്ത "ഭ്രമിഗീതം" എന്ന ചിത്രത്തിൽ മാഷ് അഭിനയിച്ചിട്ടുണ്ട്.ഭേക്രേടാതെ മാഷ് നല്ലൊരു ചിത്രകാരൻ കൂടിയായിരുന്നു.അവിവാഹിതനായ മാഷ് 2006 മാർച്ച് 26 നു ഈ ലോകത്തോട് വിടപറഞ്ഞു.

- ഹിബ ഫാത്തിമ
(VIII A)

# കമലാ സുരയ്യ

മാതൃത്വത്തിന്റെ കവിയത്രി എന്നറിയപ്പെടുന്ന ബാലാമണിയമ്മയുടേയും മാതൃഭൂമി ദിന പത്രത്തിന്റെ മുൻ മാനേജ്ജിങ്ങ് ഡയറക്ടറായിരുന്ന വി.എൻ.നായരുടേയും മകളായി 1934 മാർച്ച് 3 ന തൃശ്ശൂരിലെ നാലപ്പാട്ട് തറവാട്ടിൽ ജനിച്ചു.പ്രസിദ്ധ കവി നാലപ്പാട്ട് നാരായണ മേനോൻ കമലയുടെ വലിയമ്മാവനായിരുന്നു.അച്ഛനു കൊൽക്കത്തയിൽ ജോലി ആയതിനാൽ കമലയുടെ ബാല്യകാലം കൊൽക്കത്തയിലും വേനൽക്കാലം നാട്ടിൽ വന്നുമാണ് അസ്വദിച്ചിരുന്നത്.

വളരെ ചെറുപ്രായത്തിൽ തന്നെ കഥയും കവിതയും എഴുതിത്തുടങ്ങിയ ഒരാളായിരുന്നു കമല.ഇന്റർനാഷ്ണൽ മോണിറ്ററി ഫണ്ടിന്റ സീനിയർ കൺസൾട്ടന്റായിരുന്ന മാധവദാസുമായി കമലയുടെ വിവാഹം നടന്നു.കമലയേക്കാൾ പ്രായം ഏറെ മുതിർന്ന ഒരാളായിരുന്നു അവരുടെ ഭർത്താവ്.1992 -ൽ ഭർത്താവ് മരണപ്പെട്ടു.

1999 -ൽ ഇസ്ലാം മതം സ്വീകരിച്ചു കമലാ സുരയ്യ എന്ന പേരിൽ അറിയപ്പെട്ടു. അവസാനകാലം മകന്റെ കൂടെ പൂനയിൽ ആയിരുന്നു. 2009 മെയ് 31ന് പൂനയിൽ വച്ചായിരുന്നു മരണം. മൃതദേഹം കേരളത്തിൽ എത്തിച്ച് പാളയം ജുമാ മസ്ജിദിൽ ഖബറടക്കി.

ഇംഗ്ലീഷിൽ കവിത എഴുതുന്ന ഇന്ത്യക്കാരിൽ പ്രമുഖ ആയിരുന്നു അവർ. ഇംഗ്ലീഷിൽ കമലാ ദാസ് എന്ന പേരിലും മലയാളത്തിൽ മാധവിക്കുട്ടി എന്ന

പേരിലുമാണ് എഴുതിയിരുന്നത്. രാഷ്ട്രീയത്തിൽ മുമ്പ് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും, ലോകസേവ പാർട്ടി എന്ന രാഷ്ട്രീയ സംഘടനയ്ക്ക് രൂപം കൊടുത്തു.മതനിരപേക്ഷതക്കും അനാഥകളായ അമ്മമാർക്കും വേണ്ടിയാണ് ഈ പാർട്ടി എന്ന രൂപീകരണ വേളയിൽ പ്രഖ്യാപിച്ചു.

സുരയ്യ പാടുന്നു,അമ്മ ,സന്സ്നേഹം,യാ അള്ളാ,വർഷങ്ങൾക്കു മുൻപ് ,കടൽ മയൂരം, എന്റെ സ്നേഹിത അരുണ, നീർമാതളം പൂത്തകാലം എന്നിവയാണ് പ്രധാന കൃതികൾ. "എന്റെ കഥ"എന്ന കമലയുടെ ആത്മകഥ 15 ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

1984 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് നാമംനിർദ്ദേശം ചെയ്യപ്പെട്ടു, അനാഥരായ സ്ത്രീകളെയും അമ്മമാരെയും സംരക്ഷിക്കാൻ ലോകസഭ ചാരിറ്റബിൾ ട്രസ്റ്റ് ആരംഭിച്ചു.തറവാട് കേരള സാഹിത്യ അക്കാദമിക്ക് ഇഷ്ടദാനം കൊടുത്തു.

1997 -ൽ നീർമാതളം പൂത്തകാലം എന്ന കൃതിക്ക് വയലാർ അവാർഡും, 2009-ൽ എഴുത്തച്ഛൻ പുരസ്കാരം, തണുപ്പ് എന്ന കൃതിക്ക് സാഹിത്യ അക്കാദമി പുരസ്കാരവും ,ഏഷ്യൻ വേൾഡ് പ്രൈസ് ,ഏഷ്യൻ പോയട്രി പ്രൈസ് അവാർഡ്,കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം,ആശാൻ പ്രൈസ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

- മിൻഹ ഫാത്തിമ .ടി

# ആടു ജിവിതം
# ബെന്യാമിൻ

ബെന്യാമിൻ എഴുതിയ വളരെ മനോഹരമായ ഒരു നോവലാണ് "ആടു ജീവിതം" .വലിയ സ്വപ്നങ്ങളുമായി സൗദി അറേബ്യയിൽ ജോലിക്ക് പോയി വഞ്ചിക്കപ്പെട്ട്,മരുഭൂമിയിൽ ഒരു ആടുവളർത്തൽ കേന്ദ്രത്തിൽ അടിമപ്പണി ചെയ്യേണ്ടിവന്ന നജീബ് എന്ന മലയാളി യുവാവിന്റെ കഥയാണ് ഈ കൃതി.

" നജീബും ഹക്കീമും മരുഭൂമിയിൽ ദാഹിച്ചു മരിച്ച എല്ലാ ആത്മാക്കൾക്കും" എന്ന സമർപ്പണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. നോവലിൽ ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല മറിച്ച് ആ മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന് നജീബ് ആവുകയാണ് ചെയ്യുത്.

സാധാരണ നാം കാണുന്ന ഗൾഫ് മലയാളികളിൽ നിന്നും മാറി , ചോര ചിന്തുന്ന ജീവിതം തന്നെയാണ് " ആടു ജീവിതത്തിലെ " നജീബിന്റേത്. സഹനശക്തിയിലൂടെ ഒരളവ് വരെ പ്രതിസന്ധികളെ തരണം ചെയ്യാമെന്ന് സന്ദേശമാണ് നജീബ് തന്റെ ജീവിതത്തിലൂടെ നമുക്ക് പകർന്നു തരുന്നത്

കെട്ടുകഥയാണെന്നു തോന്നിപ്പിക്കുന്ന സത്യങ്ങൾ അനുഭവിച്ച നജീബ് എന്ന മനുഷ്യനെ പുസ്തക വായനയ്ക്കിടയിൽ നാം ദീർഘമായി നിശ്വസിക്കും. അത്ര മനോഹരമായി ജീവിതം പകർത്താൻ കഴിഞ്ഞത് ബെന്യാമിൻ എന്ന എഴുത്തുകാരന്റെ വിജയമാണ്.

- നിയ ബെന്നി
( IX A)

# ഒറ്റപ്പെടൽ

ഒരു മഴയുള്ള രാത്രി കിടക്കാൻ മഴ നനയാത്ത ഒരു കടത്തിണ്ണ തിരഞ്ഞുകൊണ്ട് നടക്കുകയാണ് രണ്ട് സഹോദരങ്ങൾ. കഴിഞ്ഞ അഞ്ച് കടത്തിണ്ണയിൽ കിടക്കാൻ പോയപ്പോഴും കടയുടമകൾ സമ്മതിച്ചില്ല. ഇനിയുള്ള കടയുടമകളും ഇങ്ങനെ തന്നെ ആകുമോ എന്ന് സംശയം കൂടി അവർക്കുണ്ട്. അതിൽ ഇളയവൾ ചേട്ടനോട് ചോദിക്കുകയാണ് :

" മഴ നനയാതെ കിടക്കാൻ കഴിയുന്ന ഒരു സ്ഥലം നമുക്ക് കിട്ടുമോ ചേട്ടാ? "

കിട്ടുമെന്ന് യാതൊരു ഉറപ്പുമില്ലായിരുന്നിട്ടും അനുജത്തിയെ സമാധാനിപ്പിക്കാൻ വേണ്ടി അവൻ കിട്ടും എന്ന് പറയുന്നു.

ഒരു തിണ്ണ കിട്ടിയാൽ അവർക്ക് അതിൽ കിടന്നുറങ്ങുവാൻ കഴിയുമോ എന്ന കാര്യം സംശയമാണ് ; കാരണം , കഴിഞ്ഞ കാലം അവർ അങ്ങനെ അല്ലല്ലോ ജീവിച്ചത്.

രണ്ട് മക്കളും അച്ഛനും അമ്മയും അടങ്ങുന്ന ഒരു സാധാരണ കുടുംബം ആയിരുന്നു. സന്തോഷവും സങ്കടങ്ങളും കളിയും ചിരിയും അടങ്ങുന്ന ഒരു കുടുംബം. അച്ഛൻ പട്ടാളക്കാരനായിരുന്നു , അച്ഛന്റെ വരവ് കാത്തുനിന്ന് അച്ഛന്റെ മരണം അവർ കേൾക്കുന്നു. എല്ലാവരും നിരാശരാകുന്നു. പതിയെപ്പതിയെ അമ്മ വിഷാദത്തിലേക്ക് പോകുന്നതും , മറ്റ് അടുത്ത ബന്ധുക്കളുടെ വ്യത്യസ്ത ക്രൂര മനോഭാവവും എല്ലാം അവർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

ഈ വിഷമങ്ങൾ

സഹിച്ചുകൊണ്ടിരുന്ന അവർക്ക് അമ്മയുടെ മരണവും കേൾക്കേണ്ടി വന്നു. അമ്മയുടെ മരണത്തിന് കാരണം അച്ഛന്റെ മരണവും ബന്ധുക്കളുടെ പെരുമാറ്റവും ആണെന്ന് അവർക്ക് നല്ലവണ്ണം അറിയുമായിരുന്നു. അവരുടെ ക്രൂരമായ പെരുമാറ്റം സഹിക്കവയ്യാതെ അവർ വീടുവിട്ടിറങ്ങി.ആരും അവരെ അന്വേഷിച്ച് വന്നില്ല. പണ്ട് അച്ഛന്റെ കൂടെ അങ്ങാടിയിലേക്ക് പോകുമ്പോൾ കണ്ട ഉടനെ വീട്ടിലേക്ക് വിളിക്കുന്ന അച്ഛന്റെ കൂട്ടുകാർ ഇന്ന് കണ്ടാൽ ഒന്ന് ചിരിക്കാറു പോലുമില്ല.

രണ്ടാഴ്ച്ചയോളം അലഞ്ഞു നടന്നപ്പോൾ പോലീസുകാർ ഇവരെ കണ്ടുമുട്ടുന്നു. ഇവരെ കണ്ടു ഉടനെ പോലീസുകാർ അവരെ കണ്ടുകിട്ടി എന്ന് ആരോടോ പറയുന്നു. പിന്നീട് പോലീസുകാർ അവർക്ക് ആഹാരം വാങ്ങിച്ചു കൊടുത്തു. അത് കഴിക്കുമ്പോഴേക്കും ബൽറാം അങ്കിളും രമ ആന്റിയും ഞങ്ങളുടെ അടുത്തേക്ക് വന്നു.രണ്ടാഴ്ച്ചയ്ക്കുശേഷം അവരെ അന്വേഷിച്ചു വരുന്ന ആളാണ് ആന്റിയും ആങ്കിളും. കണ്ട ഉടനെ കോരിയെടുത്തു കൊണ്ട് അവരുടെ സുഖവിവരങ്ങൾ അന്വേഷിച്ച ശേഷം അവരുമായി വീട്ടിലേക്ക് പോയി.

അവർക്ക് മരിച്ചുപോയ മാതാപിതാക്കളെ തിരിച്ച് കിട്ടിയതുപോലെ തോന്നി. പുതുവസ്ത്രങ്ങൾ വാങ്ങിക്കൊടുത്തു,ഭക്ഷണം വാങ്ങിക്കൊടുത്തു പഠനസൗകര്യങ്ങൾ ചെയ്തു കൊടുത്തു.

" അവനു കൊടുത്ത വാക്കിന് ഇങ്ങനെയൊക്കെ ചെയ്താൽ മതിയോ എന്ന് അറിയില്ല. മക്കളെ ഇതിലും നന്നായി നോക്കണമോ എന്നും അറിയില്ല. "

മുറിയിൽ നിന്നും ഒരു സംസാരം..... ഒരു കരച്ചിൽ.....

- മിൻഹ ഫാത്തിമ .ടി

# കാത്തിരിപ്പ്

നാളെ അവൻ വരും....
വെളിച്ചം തേടുന്ന നിഴൽ
പോലെ അവൾ അവനായി
കാത്തിരുന്നു.......

നാളെ.... നാളെ....
നാളെയെന്ന ചിന്ത
അവളെ ജീവിക്കുവാൻ
പ്രേരിപ്പിച്ചു.

നാളേക്ക് വേണ്ടിയവൾ
ഇന്നിനെ വെറുത്തു.
എന്നാൽ അവൾ അറിഞ്ഞില്ല
മരണം എന്ന യാഥാർത്ഥ്യം
നാളെക്കായി കാത്തിരിക്കില്ലെന്ന്.....!

- സലോണ ജോൺ
(X A)

# നാളെ !

കഴിഞ്ഞ നാളേറെ
നോക്കിനിന്നേറെ
നാളെയോ , നാളെയോ
വരുമോ പ്രിയേ നീയോ...?

പ്രതീക്ഷിപ്പൂ ഞാൻ നിന്നിലായി
നിൻ സ്വരം കേൾക്കാൻ ആഗ്രഹമേറെയായി
നാളെയോ നാളെയോ
വരുമോ പ്രിയേ നീയോ?

എന്നോർമ്മയിൽ നീ മാത്രം
മനസ്സിലോ നിൻ ചിത്രം
ദിനങ്ങൾ ഞാൻ താണ്ടുന്നു
നിന്റെയോർമ്മകളിൽക്കൂടിന്നും.

പ്രതീക്ഷയാം പുലരിയിൽ
നിന്നെയും കാത്തു ഞാൻ
ഇരിപ്പൂ എന്നും ഉമ്മറത്തിങ്കൽ...
പ്രിയേ , ഇരിപ്പൂ എന്നും ഉമ്മറത്തിങ്കൽ..

ആഗ്രഹമേറെയായി
നിൻ സാന്നിധ്യത്തിനായി
നാളെയോ...നാളെയോ.. വരുമോ പ്രിയയെ നീയോ?

- ആൻസിറ്റ റോയി
(X B)

# അന്ന്

അന്ന് ,
ഒരൊറ്റ പൂവ്കൊണ്ട്
നീ എന്നോടടുക്കുന്നു........

ഇന്ന്,
ഒരുപറ്റം പൂക്കളെക്കൊണ്ട്
നീ എന്നോടകന്നു.....

മുഖം വെളുപ്പിക്കാനെടുക്കുന്ന
സമയംകൊണ്ട് ;
മനസ്സിലെ കറുപ്പ് നീക്കാമായിരുവെങ്കിൽ
ജീവിതം എത്ര മനോഹരമായേനെ.......

ജിവിതത്തിലെ മടുപ്പിനെ ഒതുക്കാൻ
പലരും തിരഞ്ഞെടുത്ത ആളൊഴിഞ്ഞ
ഇരുട്ട് മുറിയായിരുന്നു ...........

**ആത്മഹത്യ**.

ശാദിയ C.T
IX A

# മടിയൻ കഴുത

പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ ഒരു ഉപ്പുകച്ചവടക്കാരൻ ഉണ്ടായിരുന്നു. എല്ലാ ദിവസവും അയാൾ ഒരു ചാക്ക് ഉപ്പുവീതം കഴുതപ്പുറത്ത് കയറ്റി പട്ടണത്തിൽ കൊണ്ടുപോയി വിൽക്കാറുണ്ടായിരുന്നു .വഴിമദ്ധ്യേ അവർക്ക് ഒരു ചെറിയ പുഴ കടന്നു വേണം പട്ടണത്തിലെത്താൻ.

ഒരു ദിവസം ആ പുഴ കടക്കുമ്പോൾ കഴുത വിചാരിച്ചു "ഹോ ! കഷ്ടം ! ഈ ചുമടിന് എന്തു ഭാരം! ഇതിന്റെ ഭാരം ലേശം കുറഞ്ഞുകിട്ടിയിരുന്നെങ്കിൽ എത്ര സുഖമായിരുന്നേനെ .

അങ്ങനെ ചിന്തിച്ചു നടക്കുമ്പോൾ കാലുതെറ്റി പുഴയിൽ വീണു .ഭാഗ്യത്തിന് കഴുതക്ക് ഒന്നും പറ്റിയില്ല പക്ഷെ കഴുതയുടെ പുറത്തുണ്ടായിരുന്ന ഉപ്പുചാക്ക് വെള്ളത്തിൽ

വീണു കുറച്ച് ഉപ്പ് വെള്ളത്തിലലിഞ്ഞുപോയി. എന്തായാലും പെട്ടന്നുതന്നെ ഉപ്പുചാക്ക് പൊക്കിയെടുത്തു കഴുതപ്പുറത്തുവെച്ചു. അത്അലിഞ്ഞതിനാൽ കഴുതയുടെ ചുമടിന്റെ ഭാരം കുറഞ്ഞിരുന്നു. പിറ്റേദിവസം മുതൽ കഴുതക്ക് അത് ഒരു സ്ഥിരം സ്വഭാവമായിമാറി. ചാക്കിലെ ഉപ്പ് വെള്ളത്തിലലിയുമ്പ കുറയും കഴുതക്ക് യാത്ര എളുപ്പമാവുകയും ചെയ്യും. പക്ഷെ കച്ചവടക്കാരൻ കഴുതയുടെ സൂത്രം പിടികിട്ടിയിരുന്നില്ല . ഒരു ദിവസം കച്ചവടക്കാരൻ
കഴുതയെ ശ്രദ്ധിച്ചു അപ്പോൾ അയാൾ " അപ്പോൾ ഇതാണ് നിന്റെ പരിപാടി അല്ലെ ..? അതുകൊണ്ടാണ് എനിക്ക് ദിവസവും ഉപ്പു നഷ്ടപ്പെടുന്നത് "അയാൾ കഴുതയെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു പിറ്റേ ദിവസം ഉപ്പിനു പകരം ഒരു ചാക്ക് പഞ്ഞി കഴുതപ്പുറത്തു കയറ്റി.
പതിവുപോലെ പുഴയുടെ മധ്യത്തിലെത്തിയപ്പോൾ കഴുത മനപ്പൂർവ്വം പുഴയിൽ വീണു. അൽപനേരം അവിടെ കിടന്ന ശേഷം എണീറ്റു 'ഹൊ !എന്തുഭാരം ! ഇതെന്താ ഉപ്പിനു കനം കൂടിയോ"കഴുതക്ക് ചുമടു വർദ്ധിച്ചതിനാൽ നടക്കാൻ നല്ല ബുദ്ധിമുട്ടനുഭവപ്പെട്ടു . ഇതെല്ലാം കണ്ടു നിന്ന

കച്ചവടക്കാരൻ കഴുതയോടായി
പറഞ്ഞു :എന്റെ ചങ്ങാതി , നീ മനഃപ്പൂർവ്വം

വെള്ളത്തിലേക്ക് വീഴുന്നതു ഞാൻ കണ്ടു. അതു കൊണ്ടാണ് ഇന്ന് ഉപ്പിനു പകരം പഞ്ഞിക്കെട്ടാക്കിയത് . പഞ്ഞി നനഞ്ഞുകഴിയുമ്പോൾ ഭാരം കൂടും ഇപ്പോൾ ഇത് നീ പട്ടണത്തിലെത്തിച്ചേ പറ്റൂ ."പാവം കഴുത സംഗതി കൂടുതൽ വഷളാക്കിയതു മാത്രം മിച്ചം..

- (കടപ്പാട് : പഞ്ചതന്ത്രം കഥകൾ)

# തണൽ തേടുന്നവർ

"സ്വാർത്ഥതക്ക്പുറകെ
ഓടിക്കൊണ്ടിരിക്കുകയാണീ ലോകം .
ആർക്കുംവേണ്ടിക്കാത്തിരിക്കുകയില്ല"
വൃദ്ധസധനത്തിത്തിലെ അച്ഛൻ പറഞ്ഞു; അമ്മ
നിറകണ്ണുകളോടെ അകത്തേക്കു മടങ്ങി . ഉറങ്ങാൻ
എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. അമ്മ
ഓർമ്മകളിലേക്ക് ആണ്ട് വീണു . 30 വർഷങ്ങൾക്കു
മുമ്പ് കൽപ്പറ്റയിലെ വളരെ
ദരിദ്രയായകുടുംബത്തിൽ അവർ
ആഗ്രഹിച്ചുകിട്ടിയ ഒരു പൊന്നോമന ക്രിസ്വിൻ.
കുടുംബത്തിന്റെ കഷ്ടപ്പാടുകൾ അറിയിക്കാതെ
അവൻ വളർന്നു. എത്ര കഷ്ടപാടാണെങ്കിലും
അവർ അത് അവനെ അറിയിച്ചിരുന്നില്ല.
അവൻ അവരോടും അത്രമേൽ
സ്നേഹമുണ്ടായിരുന്നു. അവൻ 18 വയസ്സ് കഴിഞ്ഞു
അവന്റെ മാതാപിതാക്കൾ അടുത്തുണ്ടങ്കിലെ
അവന് സമാധാനമായി ഉറങ്ങാൻ പോലും
കഴിയുകയുള്ളൂ . അങ്ങനെ കുറച്ചു നാളുകൾക്കു ശേഷം
അവന്റെ കല്ല്യാണമായി . അതിനുശേഷം ആ
കുടുംബം വളരെ സേനഹത്തോടെ മുന്നേറി . പക്ഷേ ,

കുറച്ചുക്കാലങ്ങൾക്കു ശേഷം അവർക്കു രണ്ട്
കുട്ടികളായി കഴാഞ്ഞപ്പോൾ ക്രിസ്സ്യവിൻ അവന്റെ
ആ കൊച്ചേുകുടുംബത്തിലെക്ക്  ഒതുങ്ങി. അവൻ
അവന്റെ മാതാപിതാക്കൾ ഒരു ബാദ്ധ്യതയായി.
അങ്ങനെയിരിക്കെ അവന്റെ
പിതാവിനുവയ്യാതായി,
ആ സമയം നോക്കി അവൻ അവന്റെ
ഭാര്യയേയും മക്കളേയും  കൂട്ടി ആ വീട്ടിൽ നിന്ന്
ഇറങ്ങി ഇതിനിടെ അഛന്റെ അധ്വാനത്തിൽ
മേടിച്ചു വിട്ടുപകരണങ്ങളും എടുത്തു
കൊണ്ട്പോയി.

ആൽഫ്രെഡ് സാം

(X-A)

# ഒരു കുഞ്ഞിന്റെ സ്വപ്നം

ഒരിടത്ത് ഒരു വലിയ പട്ടണത്തിൽ ഒരു കുഞ്ഞ് തന്റെ അച്ഛന്റേയും അമ്മയുടേയും കൂടെ ജീവിച്ചിരുന്നു.ഒരു പൂനിതവുള്ള രാത്രി ആ കുട്ടി ഉറങ്ങിയപ്പോൾ ഒരു സ്വപ്നം കണ്ടു . ആ സ്വപ്നത്തിൽ ആ കുട്ടി അച്ഛന്റെ കൂടെ നാട്ടിൽ പോവുകയായിരുന്നു . അവന്റെ അപ്പൂപ്പനേയും അമ്മൂമ്മയേയും കണ്ടപ്പോൾ കെട്ടിപിടിച്ചു.എന്നിട്ട് അവൻ അവൻെറ മുറിയിൽ കയറിയപ്പോൾ ഒരു സ്വർണ്ണ വാതിൽ കണ്ടു. അവൻ വാതിൽ തുറന്നപ്പോൾ മനോഹരമായ മരങ്ങളും,മാനുകളും,പക്ഷികളും,കുറെ പൊന്നൂഞ്ഞാലുകളും അവൻ കണ്ടു.അവൻ പ്രവേശിച്ചപ്പോൾ അവൻെറ കാലിൻെറ താഴെ പൂക്കൾ വിരിഞ്ഞു. 'എന്ത് മനോഹരമാണ് ഇവിടെ' അവൻ പറഞ്ഞു.

അവൻ അവിടെ ഇറങ്ങി കളിച്ചു. അവിടെത്തെ വെള്ളം അവൻ കുടിച്ചു. 'എന്ത് സ്വാദാണീ ജലത്തിന്''അവൻ ഇതുവരെ ഇത്രേയും സ്വാദുള്ള വെള്ളം കുടിച്ചിട്ടില്ല.അവൻ അവിടെയുള്ള പഴങ്ങൾ വളരെ അധികം ഇഷ്ട്ടപ്പെട്ടു. കിളികളുടെ പാട്ടുകളിൽ അവൻ പച്ചപ്പുല്ലിൽ മയങ്ങി.

അവൻ എഴുന്നേറ്റപ്പോൾ മഴവില്ല് അവനെ ആകാശത്തേക്ക് കൊണ്ടുപോയി. പല പല കാഴ്ചകൾ അവൻ കണ്ടു.പക്ഷികൾ പാറിനടന്നു. ആ ഗ്രാമം മുഴുവനും കണ്ടു.എത്ര മനോഹരമാണെന്ന് അവന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അങ്ങനെ പോകുമ്പോൾ അവൻ ഉറങ്ങിപ്പോയി . മഴവില്ല് അവനെ മേഘത്തിൽ കിടത്തി.

അവൻ എഴുന്നേറ്റപ്പോൾ അവൻ ഫ്ലാറ്റിൽ ആയിരുന്നു. അവൻ മനസ്സിൽ പറഞ്ഞു ഒരിക്കലും നടക്കാത്ത സ്വപ്നം .

ഗഗൻ സാരംഗ്
(6th D)

# കുഞ്ഞിക്കിളിയുടെ സന്തോഷം

ഒരു സന്ധ്യ.ഞാൻ കളിച്ചുകൊണ്ടിരിക്കുമ്പോൾ അകലെ ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം,അത് എന്താണെന്നറിയാൻ ശബ്ദം കേൾക്കുന്ന സ്ഥലത്തേക്ക് ഓടിച്ചെന്നു.ഒരു പൂച്ച കുഞ്ഞിക്കിളിയെ പിടിക്കാൻ നോക്കുന്നു ഞാൻ ഓടിപ്പോയി പൂച്ചയെ തട്ടി വിട്ടപ്പോൾ കുഞ്ഞിക്കിളി പറക്കൽ നിർത്തിയിട്ട് താഴേക്ക് ഒറ്റ വീഴച്ച.ഞാൻ അതിനെ എടുത്ത് വീട്ടിലേക്ക് ഓടിച്ചെന്നപ്പോഴാണ് എനിക്ക് ഓർമ്മ വന്നത്. അമ്മ എന്നെ കുഞ്ഞിക്കിളിയേയും കൊണ്ട് അകത്തു കയറ്റുകയില്ലല്ലോ.അതുകൊണ്ട് അമ്മ കാണാതെ ഞാൻ കുഞ്ഞിക്കിളിയെ അകത്തേക്കു കൊണ്ട് വന്നിട്ട് അതിന് വെള്ളം കൊടുത്തു.എന്നിട്ട് പുറത്തേക്ക് പറഞ്ഞ് വിട്ടു,അത് പറന്ന് രസിച്ചു......

# നാളെ എന്ന നിഗൂഢത

നാളെ നാം ഉണ്ടകുമോ എന്ന് അറിയില്ല
നാളെ നാം മുന്നേറുമോ എന്നും അറിയില്ല
നാളെ നാം കാണുമോ എന്നും അറിയില്ല
നാളെ നാം പ്രണയിക്കുമോ എന്നും അറിയില്ല

നാളെ  നാം എന്നത് കടൽ പോലെയാണ്
അതിനകത്ത് എന്തൊക്കെയുണ്ടാകുമെന്ന് അറിയില്ല
നാളെ എന്നത് നിഗൂഢമാണ്
എന്നാലും അത് നാം സ്കൽപ്പിക്കും

നാളേക്ക് വേണ്ടി തയ്യാറടുക്കും
നാളേക്ക് വേണ്ടി സംസാരിക്കും
നാളേക്ക് വേണ്ടി നാം നല്ലതായിരിക്കും
വിചാരിച്ചാൽ നാളെ ചീത്തത്
വിചാരിച്ചാൽ നാളെ ചീത്തതായിരിക്കും

നമ്മുടെ മനസ്സിൽ നന്മയാണെന്ന്കിൽ
നല്ലത് നടക്കും
നമ്മുടെ മനസ്സിൽ തിന്മയാണെന്ന്കിൽ
ചീത്തത് നടക്കും

നമ്മുടെ മനസ്സിന്റെ ഉള്ളിൽ
എന്താണുള്ളത് അതുപോലേയാണ് നാളെ .....

മിൻഹ ഫാത്തിമ
[9-A]

# സുഗത കുമാരി

മലയാളത്തിലെ പ്രശസ്തയായ കവിയത്രിയും സാമൂഹിക പരിസ്ഥിതി പ്രവർത്തകയുമായിരിന്നു സുഗതകുമാരി . 1932 ജനുവരി 22ന് പത്തനംത്തിട്ടയിൽ ആയിരുന്നു സുഗതകുമാരി ജനിച്ചത്.തത്ത്വ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള സുഗതകുമാരി പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവമായി ഇടപ്പെട്ടിരുന്നു. സൈലൻ്റ വാലി പ്രക്ഷോഭത്തിൽ നേത്രത്വപരമായ പങ്ക് വഹിച്ചു.

സാമൂഹിക പ്രവർത്തന രംഗത്ത് സജീവമായ സുഗതകുമാരി അഗതികൾക്ക് വേണ്ടി 'അത്താണി'എന്ന ഭവനം,മാനസിക രോഗികൾക്ക് കെയർ സെൻ്റർ സ്ഥപിച്ചു.

ഇതെല്ലാം സ്ഥപിച്ചത് 'അഭയ' എന്ന സംഘടനയുടെ കീഴിലായിരുന്നു. ഈ സംഘടനയുടെ സ്ഥാപക സെക്രട്ടറി ആയിരുന്നു.1957 മുതൽ2020 വരെ സാഹിത്യ ലോകത്ത് കുമാരിയുടെ നിരവധി കവിതകൾ സമ്മാനിച്ചിട്ടുണ്ട്.

രാത്രിമഴ, അമ്പല മണി, മണലെഴുത്ത്, പാതിരാപ്പൂക്കൾ,കുറിഞ്ഞിപ്പൂക്കൾ

തുടങ്ങിയ നിരവധി കവിതകൾക്ക് പുറമേ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു .

പത്മശ്രീ പുരസ്കാകരം,കേന്ദ്രസാഹിത്യ അക്കാദമി അവർഡ്,സരസ്വതി സമ്മാൻ,..................തുടങ്ങി നിരവധി പുരസ്കാരം നേടിട്ടുണ്ട് .

തിരുവനന്തപുരം ജവഹർ ബാലബവന്റെ പ്രിൻസിപ്പാൾ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്ററിറ്റ്യൂട്ട് പ്രസിദ്ധീകരണമായ 'തളിർ" മാസികയുടെ പത്രാധിപർ,സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ എന്നീ പദവികൾ വഹിച്ചിട്ടുണ്ടായിരുന്നു.2022ഡിസംബർ 23-ന് സുഗതകുമാരി അന്തരിച്ചു.

അലീന കെ.ബി
(8-B)

# തകഴി

1912 ഏപ്രിൽ 17-ന് (കൊല്ലവർഷം:1087 മേടം 5-ആം തീയതി) പൊയ്യപ്പള്ളിക്കളത്തിൽ ശങ്കരക്കുറുപ്പിൻറെയും പടഹാരംമുറിയിൽ അരിപ്പുറത്തുവീട്ടിൽ പാർവ്വതിയമ്മയുടെയും മകനായി ജനിച്ചു. പ്രസിദ്ധകഥകളി നടൻ ഗുരു കുഞ്ചുക്കുറുപ്പ് തകഴിയുടെ പിതൃസഹോദരൻ ആയിരുന്നു. അച്ഛനും, ചക്കംപുറത്തു കിട്ടു ആശാൻ എന്ന ആളും ആണ് തകഴിയെ നിലത്തെഴുത്ത് പഠിപ്പിച്ചത്.

തകഴി അമ്പലപ്പുഴ മുൻസിഫ് കോടതിയിൽ പി. പരമേശ്വരൻ പിള്ള വക്കീലിന്റെ കീഴിൽ പ്രാക്ടീസ് ആരംഭിച്ചു. ഇടതുപക്ഷ രാഷ്ട്രീയത്തിലേയ്ക്ക് ആകൃഷ്ടനായി, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വളർച്ചയിലും തകഴിക്ക് പങ്കുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായും, കേന്ദ്ര സാഹിത്യ അക്കാദമി നിർവ്വാഹകസമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലും, യൂറോപ്പിലും, ജപ്പാനിലും, റഷ്യയിലും പര്യടനം നടത്തി. 1999 ഏപ്രിൽ 10-ആം തീയതി തന്റെ 87-ആം വയസ്സിൽ കേരളം കണ്ട മഹാനായ ആ സാഹിത്യകാരൻ ജന്മനാട്ടിലെ തറവാട്ടുവീട്ടിൽ വച്ച് അന്തരിച്ചു. മൃതദേഹം പൂർണ ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഭാര്യ കാത്ത 2011 ജൂൺ 1-ന് അന്തരിച്ചു.

# കൃതികൾ

തോട്ടിയുടെ മകൻ, , തഹസിൽദാരുടെ അച്ഛൻ, , അനുഭവങ്ങൾ പാളിച്ചകൾ, കയർതുടങ്ങി 39 നോവലുകളും അറുന്നൂറിൽപ്പരം ചെറുകഥകളും ഇദ്ദേഹത്തിന്റേതായുണ്ട്. തകഴി ആദ്യകാലത്ത് കവിതകൾ എഴുതിയിട്ടുണ്ടെങ്കിലും അവ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഒരു നാടകം, ഒരു യാത്രാവിവരണം, മൂന്നു ആത്മകഥകൾ എന്നിവയും അദ്ദേഹത്തിന്റേതായുണ്ട്. വളരെ പരപ്പാർന്നതാണ് തകഴിയുടെ സാഹിത്യ സംഭാവന.
ത്യാഗത്തിനു പ്രതിഫലം, ചെമ്മീൻ (1956), അനുഭവങ്ങൾ പാളിച്ചകൾ, അഴിയാക്കുരുക്ക്, , ഒരു മനുഷ്യന്റെ മുഖം, ഔസേപ്പിന്റെ മക്കൾ, കയർ (1978), കുറെ കഥാപാത്രങ്ങൾ, തോട്ടിയുടെ മകൻ(1945), പുന്നപ്രവയലാറിനു ശേഷം, ബലൂണുകൾ, (1948).

റിംന
(9-A)

# വിദ്യാലയം

അറിവിന്റെ വാതിൽ തുറന്നിടുന്ന
വഴികാട്ടിയാണെൻ വിദ്യാലയം.
അക്ഷരജ്ഞാനം കൊളുത്തിത്തരുന്നൊരു
നിലവിളക്കാണെൻ വിദ്യാലയം
ആദ്യാക്ഷരങ്ങൾ പകർന്നു തന്നിടുന്ന
ഗുരുവാണെൻ വിദ്യാലയം
അറിവുകളാകുന്ന പല പല നേട്ടങ്ങൾ
ഒന്നിച്ചു ചേർന്നതെൻ വിദ്യാലയം.
എന്നിലെ സൃഷ്ടിയെ ഉണർത്തിടുന്ന
അറിവിന്റെ പാതയാണെൻ വിദ്യാലയം.
ഈ വിദ്യാലത്തോട് വിടപറഞ്ഞിടുമ്പോൾ
കണ്ണീർ പൊഴികയാണെൻ മാനസം.

( കടപ്പാട്: ഫ്രാൻസിസി കെ ജെ)

# LITTLE KITES

'LITTLE KITES' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was a part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'LITTLE KITES IT Clubs'. LITTLE KITES is set to become the largest Student IT Network in the Country.

Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc... to the activity bouquet of LITTLE KITES.

Around 14,000 students from 58,380 LITTLE KITES members in 1,901 schools have been selected for the training camps - on the basis of their performance in school-level training camps - organised by Kerala Infrastructure and Technology for Education (KITE).The camps at 163 sub-districts in the state have been equipped for training which will be conducted using an open source software. The selection to the revenue district camps will be also held in the sub-district camps.Anvar Sadath, KITE vice-chairman, said 275 training camps are equipped to welcome the students. There will be 564 trainers deployed at the camps.

By networking over one lakh students in 2,500 schools, LITTLE KITES has become the largest Internet and Communication and Technology (ICT) network of students in the country. Upto 40 students from each school can be part of LITTLE KITES. The performance of the student members will be evaluated at the turn of the year and they will be awarded A, B or C grade certificates.

KITE will provide financial assistance to schools towards the activities of the IT Clubs.Those Clubs which fail to perform well will be de-recognised.Students not part of any other club but show interest in IT will be given preference for selection to LITTLE KITES.Under the Public Education Rejuvenation Mission, students were imparted training in animation, cyber safety, Malayalam computing, hardware and

electronics. The project has begun this academic year in all schools. The KITE authorities said the membership of the LITTLE KITEs programme will cross 1 lakh by next academic year.

## ***Objectives of Little KITES programme***

1. To hone students' interest in Information and Communication Technologies (ICTs) and create a culture for the appropriate usage of technology.

2. To help students learn the different dimensions of ICT tools and use them in their learning activities.

3. To ensure the participation of students in the usage and upkeep of ICT equipment at schools, thereby increasing the ownership and productivity in ICT enabled learning.

4. To introduce students to innovative technologies such as IoT, AI, Robotics, 3D Animation, multimedia, language computing, electronics, mobile app development and the like.

5. To enrich students' understanding of safe internet usage and Cybersecurity, and also to inculcate the importance of language computing.




## G.H.S.S Kakkavayal

### Little Kites 2K22 - 25 Batch